# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **Class: VII** | **Department : MALAYALAM** | **Date of submission: 05-05-2020** |
| **Worksheet No: 3** | **Topic : അവധാരണം** | **Note:** |

**1) താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

കടലാസും അച്ചടിയും ഇല്ലാത്ത ഒരുകാലം നമുക്ക് ഉണ്ടായിരുന്നു. അന്നു കരിങ്കല്ലിലും മൺപലകകളിലും ലോഹത്തകിടുകളിലും മറ്റും വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നു.ഗ്രന്ഥങ്ങൾ ഉണ്ടാക്കാൻ താളിയോലകളും പാപ്പിറസ് ചുരുളുകളും ഉപയോഗിച്ചിരുന്നു .ലോകത്ത് ആദ്യമായി അച്ചടിസമ്പ്രദായം ആരംഭിച്ചത് ചൈനയിലാണ് . മരപ്പലകയിൽ അച്ചുകൾ കൊത്തിയുണ്ടാക്കി മഷി പുരട്ടിയാണ് അവർ അച്ചടിച്ചത് . അക്ഷരങ്ങൾ , ചിഹ്നങ്ങൾ , ചിത്രങ്ങൾ തുടങ്ങിയവയുടെ അച്ചുകൾ ഉണ്ടാക്കി അവയിൽ മഷി പുരട്ടി പതിച്ചെടുക്കുന്നതിനെയാണ് അച്ചടി എന്നു പറയുന്നത്. അച്ചടിമഷി സാധാരണ മഷി പോലെയല്ല ; കട്ടി കൂടിയ കുഴമ്പുരൂപത്തിലുള്ളതാണ് . ആധുനിക അച്ചടി വിദ്യയുടെ പിതാവ് ജർമ്മൻകാരനായ ജോഗൻ ഗുട്ടൻ ബർഗാണ്. ഇന്നത്തെ ലോകത്തിൽ അച്ചടിക്കുള്ള പ്രാധാന്യം വളരെ വലുതാണ് .നമ്മുടെ വിജ്ഞാനസമ്പത്ത് സംരക്ഷിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ് അച്ചടി കൊണ്ടുള്ള ഏറ്റവും വലിയ നേട്ടം .

**ചോദ്യങ്ങൾ**

1 ) ഗ്രന്ഥങ്ങൾ ഉണ്ടാക്കാൻ എന്തൊക്കെയാണ് ഉപയോഗിച്ചിരുന്നത് ? ( 2)

2) ലോകത്ത് ആദ്യമായി അച്ചടി ആരംഭിച്ചത് എവിടെയാണ് ? ( 2)

3) അച്ചടി എന്നാൽ എന്ത് ? ( 2)

4) ആധുനിക അച്ചടി വിദ്യയുടെ പിതാവ് ആരാണ്? ( 2)

5) അച്ചടി കൊണ്ടുള്ള ഏറ്റവും വലിയ നേട്ടം എന്താണ് ? ( 2)